(ഡി) വിമർശനങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഡ് തയ്യാറാക്കുന്നതിന് അപേക്ഷാഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഉപഭോക്താക്കൾക്ക് പൂരിപ്പിച്ചുനൽകാൻ പ്രയാസമാണെന്നും പൂരിപ്പിച്ചു നൽകുന്നതുകൊണ്ട് അധിക ചാർജ് നൽകേണ്ടി വരുമെന്നുള്ള ആശങ്കയെ അടിസ്ഥാനമാക്കിയുമാണ് വിമർശനങ്ങളുണ്ടായത്.

(ഇ) ഉപഭോക്താക്കൾക്ക്, കൺസ്യൂമർ കാർഡിന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള ചില വിവരങ്ങൾ നൽകാൻ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയും, അത്തരം വിവരങ്ങൾ പൂരിപ്പിച്ചു നൽകേണ്ടതില്ല എന്ന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൺസ്യൂമർ കാർഡ് ഉപഭോക്താവിന് പ്രയോജനമുള്ള ഒരു ആധികാരിക രേഖ കൂടിയായതുകൊണ്ട് അത് വേണ്ടെന്നുവെയ്ക്കാൻ ഉദ്ദേശമില്ല.

കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതി വിഹിതം

10 (*39) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയം നിർമ്മിച്ചപ്പോൾ കേന്ദ്രവുമായി ഉണ്ടാക്കിയ കരാറനുസരിച്ച് അവിടെ ഉൽപാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും സംസ്ഥാനത്തിന് ലഭിക്കുമായിരുന്നുവോ ;

(ബി) ഇപ്പോൾ പ്രസ്തുത നിലയത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കേന്ദ്ര ഗ്രിഡിലേക്ക് മാറ്റുവാൻ എൻ.ടി.പി.സി. അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരം അവശ്യപ്പെടുവാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഡി) കായംകുളം താപവൈദ്യുതി നിലയത്തിലെ വൈദ്യുതി കേന്ദ്ര ഗ്രിഡിലേക്ക് മാറ്റപ്പെടുന്ന പക്ഷം സംസ്ഥാനത്തിന് ലഭിക്കാവുന്ന ഷെയർ എത്രയെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കേന്ദ്രവുമായല്ല കരാറുണ്ടാക്കിയത്. എൻ.ടി.പി.സി.യും സംസ്ഥാന വൈദ്യുതിബോർഡുമായാണ് കരാറുണ്ടാക്കിയിട്ടുള്ളത്. പ്രസ്തുത കരാർ പ്രകാരം കായംകുളം താപനിലയത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി മുഴുവനും സംസ്ഥാനത്തിന് അർഹതപ്പെട്ടതാണ്.

(ബി) കായംകുളം നിലയം ഗാർഡ്ഗിൽ ഫോർമുല പ്രകാരം വിവിധ സംസ്ഥാനങ്ങൾക്കായി വൈദ്യുതി വീതിക്കുന്ന നിലയമായ പ്രാദേശിക നിലയമാക്കി മാറ്റുന്നതിന് സംസ്ഥാനത്തിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയത്തിൽ നിന്നും കത്തു ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) കായംകുളം താപനിലയത്തിലെ വൈദ്യുതി സ്ഥിരമായി കേന്ദ്ര ഗ്രിഡിലേക്ക് മാറ്റാൻ ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നില്ല.

പട്ടികവിഭാഗക്കാർക്ക് സഹായനിധി

11 (*40) ശ്രീ. പി. നാരായണൻ :
ശ്രീ. യു. എസ്. ശശി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരകമായ രോഗം ബാധിച്ചവരും മറ്റ് അത്യാഹിതങ്ങളിൽപ്പെടുന്നവരുമായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപവരെ സഹായധനം നൽകി വരുന്നുണ്ട് ;

(സി) ഈ സഹായധനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര തുക വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പരമാവധി 25,000 രൂപ വരെ സഹായധനമായി നൽകിവരുന്നുണ്ട്.

(സി) സഹായധനം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്തെ ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ പ്രവർത്തനം

12 (*41) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ ജലവിതരണ അതോറിറ്റിയുടെ (ആർ.ഡബ്ല്യു.എസ്.എ.) പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ നിയന്ത്രണത്തിൽ പൊതുജനങ്ങൾ ജലവിതരണവും നടത്തിപ്പും നേരിട്ട് നടത്തുന്ന പദ്ധതി സംസ്ഥാനത്തെ എതെങ്കിലും ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly